# തങ്കപ്പനും കിട്ടി സമൻസ് !

അഡ്വ. ഷെറി ജെ തോമസ് www.sherryjthomas.com

തങ്കപ്പന് ഓർക്കാപ്പുറത്ത് ഒരു സമൻസ് കിട്ടി. എറണാകുളം മോട്ടർ ആക്സിഡന്റ് ക്ലെയിം ട്രൈബ്യൂണലിൽ നിന്നാണ് സമൻസ് വന്നത്. പരാതിക്കാരനെ ഒരു ഇരുചക്ര വാഹനം അപകടകരമായും ഉദാസീനമായും ഓടിച്ച് ആർക്കോ പരിക്ക് പറ്റിയെന്നും അതിന്റെ നഷ്ടപരിഹാരം താൻ നൽകണമെന്നാണ് കേസിന്റെ ചുരുക്കം. സമൻസിനോടൊപ്പമുള്ള ഹർജി വായിച്ച് തങ്കപ്പൻ ഞെട്ടിപ്പോയി. ഏതോ വി എവിടെയൊ വച്ച് ഇടിച്ചതിന് തനിക്ക് എന്തിനാണ് സമൻസ് എന്ന് തങ്കപ്പൻ ആലോചിച്ചു. കൂടുതൽ ആലോചിച്ചപ്പോഴാണ് മൂന്ന് വർഷം മുമ്പ് ഞാൻ വിറ്റ പഴയ മോട്ടോർ സൈക്കിളിന്റെ നമ്പരാണ് പരാതിയിൽ കാണിച്ചിരിക്കുന്നത് എന്ന് മനസ്സിലായത്. നമ്പർ പോലും ഇപ്പോൾ ശരിക്ക് ഓർമ്മയില്ല, മറന്നുപോയിരിക്കുന്നു. വിക്ക് ഇൻഷുറൻസ് കവറേജ് ഇല്ല. ഒടിച്ചിരുന്ന ആൾക്ക് ലൈസൻസും ഇല്ലാ എന്നാണ് ആരോപണം.

ഇതുപോലെ ഒരുപാട് തങ്കപ്പൻമാർ ഞെട്ടാറുറ്. വാഹനം മിക്ക ആളുകളും വിൽക്കുമ്പോൾ ലഭിക്കേ വിലയെപ്പറ്റി മാത്രമായിരിക്കും ശ്രദ്ധ. വി കെറ് പോകുന്നതോടൊപ്പം പണം വാങ്ങി പോക്കറ്റിൽ വയ്ക്കുകയും ഒപ്പം കുറെ പേപ്പറുകളും ഒപ്പിട്ടുകൊടുക്കുന്നതും കഴിഞ്ഞാൽ പിന്നെ ആ വഴി ശ്രദ്ധിക്കാറില്ല. വാഹനം വാങ്ങിയ ആൾക്ക് മോട്ടോർ വാഹന വകുപ്പിൽ ഉടമസ്ഥത മാറ്റം അറിയിക്കാനും രേഖകളിൽ പുതിയ ഉടമസ്ഥന്റെ പേര് രേഖകളിൽ എഴുതിചേർക്കുകയും ഉൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്തു കൊള്ളാമെന്ന് ഉത്സാഹിച്ച് കൊായിരിക്കും വിയുമായി അയാൾ പോകുന്നത്.

**വിറ്റ ആൾക്കും ഉത്തരവാദിത്വം.**

വാഹന വിൽപ്പന സമയത്ത് പേപ്പറുകൾ ഒപ്പിട്ട് കൊടുത്ത് വീട്ടിലിരുന്നാൽ പോരാ. വാഹനം വിറ്റ് 14 ദിവസത്തിനുള്ളിൽ പഴയ ഉടമസ്ഥൻ മോട്ടോർ വകുപ്പ് അധികാരികളെ ബന്ധപ്പെട്ട നിശ്ചിത മാതൃകയിൽ അറിയിച്ചിരിക്കണം. അങ്ങനെ അറിയിക്കാതിരുന്നാൽ അത് കുറ്റകൃത്യമാണ്. അതിനപ്പുറത്ത് വാഹനം അപകടത്തിൽ പെട്ട് ഇൻഷുറൻസ് പരിരക്ഷ ലഭിക്കാത്ത സാഹചര്യം വന്നാൽ മുഴുവൻ തുകയും പഴയ ഉടമസ്ഥൻ നൽകേി വരും. വി വിറ്റതാണെന്നോ ഇപ്പോൾ കൈവശം ഇല്ലന്നോ എന്നു ന്യായം പറഞ്ഞിട്ടും കാര്യമില്ല. മോട്ടോർ വാഹന നിയമപ്രകാരം വാഹനം വിൽക്കുന്ന ആൾ നിർബന്ധമായും ചെയ്തിരിക്കേ രേഖാ ഇടപാടുകൾ നടത്തിയില്ലെങ്കിൽ ഇത്തരം പ്രതിസന്ധി സ്വാഭാവികം.

**വാങ്ങുന്ന ആളിന്റെ ഉത്തരവാദിത്വം**

വാഹനം കൈയ്യിൽ കിട്ടി അതിലിരുന്ന് പായാൻ ഒരുമ്പെടുമ്പോൾ നിയമപ്രകാരം മോട്ടോർ വാഹന വകുപ്പിൽ അറിയിക്കേ കാര്യങ്ങളിൽ ചിലർ അലംഭാവം കാണിക്കുന്നു. തിരെ ഉദാസീനരാണെങ്കിൽ ഇൻഷുറൻസ് പോലും അടച്ചുഎന്ന് വരില്ല. മോട്ടോർ വാഹന നിയമപ്രകാരം വാഹനം വാങ്ങിയ ആൾ 30 ദിവസത്തിനുള്ളിൽ വാഹനം ഉപയോഗിക്കുന്ന അധികാരപിരധിയിലുള്ള മോട്ടോർ വാഹന വകുപ്പിൽ രജിസ്ട്രേഷൻ രേഖൾ ഹാജരാക്കി മാറിയ ഉടമസ്ഥത രേഖകളിൽ പ്രതിഫലിപ്പിക്കണം. അപ്രകാരം ചെയ്യുതിരുന്നാൽ അതും ഒരു കുറ്റകൃത്യമാണ്. ഇൻഷുറൻസ് യഥാസമയം പുതിക്കിയില്ലെങ്കിൽ അപകടം ഉായാൽ ഇൻഷുറൻസ് കംമ്പനി കൈയ്യൊഴിയുകയും അപകടത്തിന് കാരണമായ വാഹനത്തിന്റെ ഉടമസ്ഥൻ നഷ്ടപരിഹാരം നൽകേി വരുകയും ചെയ്യും.

**ഉടമസ്ഥത മാറ്റം എങ്ങനെ അറിയാം.**

പല സംഭവങ്ങളിലും വി വാങ്ങിക്കൊുപോയ ആളുടെ മേൽവിലാസവും മറ്റ് വിവരങ്ങളും മറന്നുപോയിക്കാണും. ഒന്നിലധികം വികൾ കൈമാറ്റം ചെയ്തിട്ടുങ്കെിൽ വാഹനത്തിന്റെ നമ്പർ പോലും ഓർത്തിരിക്കാൻ സാധ്യതയില്ല. വിറ്റുപോയ വിയെ സംബന്ധിച്ച് നിയമപ്രകാരം ചെയ്യേ കാര്യം ചെയ്തതോ ഇല്ലയോ എന്ന് അന്വേഷിച്ചറിയാൻ ആരുടെയും പുറകെ നടക്കേ കാര്യം ഇല്ല. കേരളാ മോട്ടോർ വാഹന വകുപ്പിന്റെ www.keralamvd.gov.in എന്ന വെബ്സൈറ്റിൽ കയറി വാഹന വിവരങ്ങൾ സംബന്ധിച്ച പേജിൽ വിറ്റുപോയ വാഹനത്തിന്റെ നമ്പർ ടൈപ്പ് ചെയ്ത് കൊടുത്താൽ നിലവിലുള്ള ഉടമസ്ഥന്റെ പേരുവിവരം അറിയാം. അതുപ്രകാരം ആർക്കാണ് ബാധ്യത വരുന്നതെന്ന് എളുപ്പത്തിൽ അറിയാൻ പറ്റും. ഒരിക്കലെങ്കിലും വി വിൽപ്പന നടത്തിയിട്ടുള്ളവർ, എത്ര പരിചയക്കാർക്കാണ് നൽകിയതെങ്കിലും ഇത്തരം വിവരങ്ങൾ വെബ്സൈറ്റിൽ അന്വേഷിക്കുന്നത് നല്ലതാണ്. പിന്നീട് അനാവശ്യ ബാധ്യതകൾ ഒഴിവാക്കാൻ അതുപകരിക്കും. ട്രാൻസ്പോർട്ട് വാഹനങ്ങളാണ് വിറ്റതെങ്കിൽ അതിന്റെ നികുതി കുടിശ്ശിക അടക്കാനുള്ള ബാധ്യതയും സർക്കാർ രേഖകളിലുള്ള ഉടമസ്ഥനു തന്നെ വരും.